# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 04/2022
# 26.06.2022 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ടിങ്
4. യൂണിറ്റ് വിസിറ്റ്
5. മെമ്പർഷിപ്പ്
6. പ്രക്ഷോഭ പരിപാടികൾ - ഐഫെക്ടോ
7. സബ് കമ്മിറ്റി റിപ്പോർട്ടിംഗ്
8. അക്കാദമിക് ഡയറി
9. മറ്റു വിഷയങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി, ഡോ. എൻ. മനോജ്, ഡോ.ഗീതാനമ്പിയാർ, സന്തോഷ് ടി. വർഗീസ്, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി. സി.ടി., ഡോ. സുനിൽ വി.ടി., ഡോ. റോസ്നികസ് പി. കെ.,ഡോ. ബി. അശോക്, ഡോ. ഗായത്രി ദേവി. ജി., ഡോ. ആർ. പ്രഗാഷ്., ഡോ. സുമി ജോയി ഓലിയപുറം, ഡോ. ഷീബ ദിവാകരൻ, ഡോ.ജിനീഷ് പി. എസ്., ഡോ.ഷാനവാസ് പി. എച്., സജിത് കുമാർ പി., ഡോ. എം. എ. അസ്കർ, ഡോ.ആനന്ദ് ദിലീപ് രാജ്, ഡോ. സുനിത ഗണേഷ്, ഡോ. വിഷ്ണു വി. എസ്., ഡോ. ടി. എ. ആനന്ദ്, ഡോ. മാണിക്യരാജ് കെ., ഡോ. ഷജില ബീവി, ഡോ. റിജുലാൽ, ഡോ. ചന്ദ്രമോഹൻ കെ.ടി., ഡോ. പ്രദീപ് കുമാർ കെ., ഡോ. രഞ്ജിത് മോഹൻ പി., ഡോ. സുജ ടി. വി., അനൂപ് ജെ. അലക്കപ്പളളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., സുശാന്ത് പി. ഡോ. ദിനേശ് പി. കെ., സോബിൻ വർഗീസ് എം. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി.

രാവിലെ 10.00ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനട്രഷറർ ഡോ. ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ആദിവാസി ഭൂസമര നേതാവ് സ.ലീല, ചലച്ചിത്ര-ടെലിവിഷൻ-നാടക നടൻ വി.പി.ഖാലീദ്, ബാലസാഹിത്യകാരിയും സാമുഹിക പ്രവർത്തകയുമായ വിമല മേനോൻ, പ്രശസ്ത ഗായകൻ കൃഷ്ണകുമാർ, ആൾ ഇന്ത്യാ ലോയേഴ്സ് യൂണിയൻ മുൻ സംസ്ഥാന പ്രസിഡന്റ് അഡ്വ.പി.പി.സുധാകരപ്രസാദ്, മുൻ എം.എൽ.എ പ്രയാർ ഗോപാലകൃഷ്ണൻ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, സംസ്ഥാന സമ്മേളനത്തിന് ശേഷമുള്ള നാലാമത് പ്രവർത്തകസമിതി യോഗമാണിത്. അധ്യാപകരുടെ പ്ലെയിസ്മെന്റ് നടപടികൾ ത്വരിതഗതിയിൽ നടക്കുന്നു. 140 അധ്യാപകരുടെ. (7000-8000) പ്ലെയിസ്മെന്റ്

ഉത്തരവ് കഴിഞ്ഞ ദിവസം ഇറങ്ങി. ബി ഓപ്ഷൻ പ്ലെയിസ്മെന്റ് നടപടിക്രമങ്ങൾ ജൂലൈ 4 മുതൽ 6 വരെ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നടക്കും. പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് ഡി.പി.സി. കഴിഞ്ഞു എന്നാണ് അറിയുന്നത്. 43 പേരുടെ ലിസ്റ്റാണ് ഡി.പി.സിക്ക് വച്ചത്. എന്നാൽ ഇന്റർവ്യൂ കഴിഞ്ഞ് യോഗ്യരായ മുഴുവൻ പേരും ഇതിൽ ഉൾപ്പെട്ടിട്ടില്ല എന്ന പരാതി ഉയർന്നു വന്നിട്ടുണ്ട്. അർഹരായ മുഴുവൻ ആൾക്കാരെയും ഉൾപ്പെടുത്തി എത്രയും വേഗം പരാതികൾ പരിഹരിച്ച് പ്രിൻസിപ്പൽ നിയമനം നടത്തണം എന്നതാണ് സംഘടനയുടെ നിലപാട്. ഇക്കാര്യത്തിൽ വളരെ ഗൗരവമായ ഇടപെടൽ സംഘടനയുടെ ഭാഗത്തുനിന്നും ഉണ്ടാവുന്നതാണ്.

ഈ വർഷം നമ്മൾക്ക് ഒരു അക്കാദമിക് ഡയറി രൂപകൽപ്പന ചെയ്ത് പുറത്തിറക്കി യൂണിറ്റുകളിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. എ.സി.എസ്.ആർ.ചുമതല വഹിക്കുന്ന ഡോ. ആനന്ദ് ടി.എ. ആണ് ഇതിന് നേതൃത്വം നൽകിയത്. സംഘടനയെ സംബന്ധിച്ച് അഭിമാനകരമായ കാര്യമാണിത്. സംഘ ശബ്ദത്തിന്റെ മാർച്ച് മാസം ഇറക്കേണ്ട പെൺപതിപ്പ് പുറത്തിറങ്ങി. ഇത് എല്ലാ യൂണിറ്റുകളിലും എത്തിച്ചിട്ടുണ്ട്.

ഡി.എ. അരിയർ എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട ഇടപെടലുകളും കത്തിടപാടുകളും നടത്തിവരുന്നു. സർക്കാർ ജീവനക്കാരുടെ ദീർഘകാല ആവശ്യമായ മെഡിസെപ്പ് ഇടതു സർക്കാർ യാഥാർത്ഥ്യമായിട്ടുണ്ട്. ജൂലൈ ഒന്നിന് അതിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കും.ഇത് സർവ്വീസ് മേഖലയോട് നമ്മുടെ സർക്കാരിന്റെ കരുതലാണ് കാണിക്കുന്നത്.

ദീർഘകാലം സംഘടനയുടെ വിവിധ സ്ഥാനങ്ങളിൽ ഇരിക്കുകയും സംസ്ഥാന പ്രവർത്തക സമിതി അംഗവുമായിരുന്ന ഡോ. പി. രാജേഷ് കുമാർ കലാമണ്ഡലം കൽപ്പിത സർവകലാശാലയുടെ രജിസ്ട്രാറായി ചുമതലയേറ്റിട്ടുണ്ട്. ഇത് സംഘടനയ്ക്ക് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്.

സ്പാർക്കുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ, ഇൻക്രിമെന്റ് തീയതി സംബന്ധിച്ച അനോമലി എന്നിവ പരിഹരിക്കുന്നതുമായ ബന്ധപ്പെട്ട് ഫിനാൻസ് വകുപ്പ് വിളിച്ചുചേർത്ത യോഗത്തിൽ സംഘടനയെ പ്രതിനിധീകരിച്ച് ഡോ. റോസ്നിക്സ്, ഡോ.ബി. അശോക് എന്നിവർ പങ്കെടുക്കുകയും സംഘടനയുടെ നിലപാട് അറിയിക്കുകയും എഴുതി നൽകുകയും ചെയ്തിട്ടുണ്ട്. മാത്രവുമല്ല സ്പാർക്കിൽ സംഘടനയുടെ ഒരു പ്രതിനിധിക്ക് ദിവസവും പ്രവേശിച്ച് കാര്യങ്ങൾ നടത്തിയെടുക്കാൻ അനുമതിയും ലഭിച്ചിട്ടുണ്ട്.

പി.ജി.വെയ്റ്റേജ്, വർക്ക് ലോഡ് എന്നിവ സംബന്ധിച്ച് പഠിക്കാൻ ഒരു സമിതിയെ സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത സമിതിയുടെ യോഗം 24-6-2022ന് കോട്ടയത്ത് ചേരുകയുണ്ടായി. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറിയും, പ്രസിഡണ്ടും പങ്കെടുക്കുകയും സംഘടനാ നിലപാട് കൃത്യമായി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഈ വർഷത്തെ പൊതു സ്ഥലംമാറ്റം പരാതികൾ ഇല്ലാതെ സമയബന്ധിതമായി നടത്തിയെടുക്കാൻ നമുക്ക് സാധിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പ്, കേരള സ്റ്റേറ്റ് ഹയർ എജുക്കേഷൻ കൗൺസിൽ, സർവകലാശാലകൾ എന്നിവ നടത്തുന്ന ഷോർട്ട് ടേം കോഴ്സുകൾ സർക്കാർ കോളേജ് അധ്യാപകരുടെ പ്ലെയിസ്മെന്റിന് നിലവിൽ പരിഗണിക്കുന്നില്ല. ഇത് നേടിയെടുക്കുന്നതിനുവേണ്ട ഇടപെടലുകൾ സംഘടന നടത്തിവരുന്നു.

25-06-2022ന് എ.കെ.ജി.സി.ടി. ഭവനിൽ വച്ച് വനിതാ സബ് കമ്മിറ്റിയുടെ സംസ്ഥാന തല യോഗം ചേരുകയും ഈ വർഷം നടത്തേണ്ട പരിപാടികളുടെ കരട് ചർച്ചചെയ്ത് അന്തിമരൂപം നൽകുകയും ചെയ്തു.

പട്ടാമ്പി സംസ്കൃത കോളജിന് നാക്ക് വിസിറ്റിൽ 3.46 സ്കോർ നേടി എ+ ഗ്രേഡ് നേടിയിട്ടുണ്ട്. പട്ടാമ്പി സർക്കാർ കോളേജിന്റെ ഈ നേട്ടം നമുക്ക് എല്ലാം അഭിമാനം നൽകുന്നതാണ്.

മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി, അറബിക് അധ്യാപകരുടെ സർവ്വീസ് പ്രശ്നം എന്നിവയിൽ വീണ്ടും സജീവ ഇടപെടൽ നടത്തേണ്ടതുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ സെക്രട്ടറിമാർ ജില്ലാ റിപ്പോർട്ടിങ് നടത്തി. ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിന്മേലും മറ്റ് വിഷയങ്ങളിൻമേലും സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. കേരള സർവകലാശാലയുടെ കീഴിൽ സർക്കാർ കോളേജുകളിൽ ആരംഭിക്കുവാൻ തീരുമാനിച്ച പുതിയ കോഴ്സുകൾ എത്രയും പെട്ടെന്ന് തുടങ്ങാൻ വേണ്ട ഇടപെടൽ നടത്തും.
2. കോളേജ് അധ്യാപകരുടെ പ്ലെയിസ്മെന്റിന് കോളേജ് വിദ്യാഭ്യാസ വകുപ്പ്, കേരള സ്റ്റേറ്റ് ഹയർ എജുക്കേഷൻ കൗൺസിൽ, സർവകലാശാലകൾ എന്നിവർ നടത്തുന്ന ഷോർട്ട് ടേം കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള ഇടപെടൽ നടത്തും.
3. ട്രെയിനിങ് കോളേജ് അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പുറത്തിറക്കുന്നതിന് വേണ്ട ഇടപെടൽ നടത്തും.
4. എസ്.സി. എസ്.ടി. വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച പ്രശ്നം പരിഹരിക്കാൻ വേണ്ടി സർക്കാർ തലത്തിൽ ഇടപെടൽ നടത്തും.
5. പറവൂരിൽ ആരംഭിക്കാൻ തീരുമാനിച്ച സർക്കാർ കോളജിന്റെ പ്രവർത്തനം എത്രയും വേഗം തുടങ്ങാൻ വേണ്ട ഇടപെടൽ നടത്തും.
6. സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ സംഘടനയുടെ സിൻഡിക്കേറ്റ് അംഗങ്ങളുടെ ഒരു യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചു.
7. 23.02.2016 വരെ സംസ്ഥാനത്തെ എയ്ഡഡ് കോളേജ് അധ്യാപകർക്ക് ലഭിക്കുന്ന പ്ലെയിസ്മെൻ്റിന് ആനുകൂല്യം സർക്കാർ കോളേജ് അധ്യാപകർക്കും ലഭിക്കാൻ വേണ്ട ഇടപെടൽ നടത്തും.
8. ബി. ഓപ്ഷൻ പ്ലെയിസ്മെന്റ് നടപടിക്രമങ്ങൾ അധ്യാപകർക്ക് അനുകൂലമായ രീതിയിൽ നടത്താനുള ഇടപെടൽ നടത്തും.
9. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം ജൂലൈ 15നു മുമ്പ് എല്ലാ യൂണിറ്റുകളും പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു.
10. യൂണിറ്റ് വിസിറ്റ് ജൂലൈ 10ന് ആരംഭിച്ച ഓഗസ്റ്റ് 30ന് പൂർത്തീകരിക്കുന്ന രീതിയിൽ ക്രമപ്പെടുത്തണം എന്ന് തീരുമാനിച്ചു.
11. യൂണിറ്റ് വിസിറ്റിന് താഴെപ്പറയുന്ന സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങൾക്ക് ചുമതല നൽകി.
    തിരുവനന്തപുരം-ജനറൽ സെക്രട്ടറി, കൊല്ലം-സി.ടി.ശശി, കോട്ടയം-സംസ്ഥാന ട്രഷറർ, ഇടുക്കി-സംസ്ഥാന ജനറൽ സെക്രട്ടറി, എറണാകുളം-സംസ്ഥാന പ്രസിഡന്റ്, തൃശ്ശൂർ-ഡോ. ഗീത നമ്പ്യാർ എം. കെ., പാലക്കാട്- സംസ്ഥാന ട്രഷറർ, മലപ്പുറം-ഡോ. വിനു ഭാസ്കർ, കോഴിക്കോട്-സംസ്ഥാന പ്രസിഡന്റ്, വയനാട്-രഘുദാസ് പി.വി., കണ്ണൂർ-ഡോ. എം. എസ്. മുരളി, കാസർകോട്-സന്തോഷ്.ടി.വർഗ്ഗീസ്
12. മ്യൂസിക് കോളേജ് അധ്യാപകർക്ക് യു.ജി.സി അനുവദിക്കുക, അറബിക് അധ്യാപകരുടെ സർവ്വീസ് പ്രശ്നം പരിഹരിക്കുക, ഡി.എ. അനുവദിക്കുക തുടങ്ങി സർവ്വീസ് മേഖലയിലെ വിവിധ പ്രശ്നങ്ങൾ മുൻനിർത്തി സംസ്ഥാനതലത്തിൽ നടത്തേണ്ട പ്രക്ഷോഭ പരിപാടികൾ തീരുമാനിക്കാൻ സംസ്ഥാന പ്രസിഡൻറ്, ജനറൽ സെക്രട്ടറി ട്രഷറർ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

13. എൻ.ഇ.പി.ക്കെതിരെയുള്ള രാജ്ഭവൻ മാർച്ച് എ.കെ.പി.സി.ടി.എ., എഫ്.യു.ടി.എ. എന്നിവരുമായി ആലോചിച്ച് ജൂലൈ മാസത്തിൽ നടത്താൻ തീരുമാനിച്ചു.
14. അക്കാദമിക് സമിതി ഈ വർഷം നടത്തുന്ന വിവിധ സെമിനാറുകളുടെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ മാസം നടത്താൻ തീരുമാനിച്ചു.
15. ആഗസ്റ്റ് മൂന്നിന് നടക്കുന്ന പാർലമെന്റ് മാർച്ചിൽ സംഘടനയെ പ്രതിനിധീകരിച്ച് പത്ത് അംഗങ്ങൾ പങ്കെടുക്കും.
16. ഡൽഹിയിൽ ഐഫക്ടോ സെക്രട്ടറിയേറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ആഗസ്റ്റ് 14-16 തീയതികളിൽ ഉന്നതവിദ്യാഭ്യാസമേഖലയിലെ വിവിധ വിഷയങ്ങൾ മുൻനിർത്തി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി, യു.ജി.സി ചെയർമാൻ എന്നിവരെ നേരിൽ കണ്ട് ചർച്ച നടത്തും ഇതിൽ എ.കെ.ജി.സി.ടി സംസ്ഥാന ട്രഷറർ പങ്കെടുക്കും
17. ഖാദി വസ്ത്രങ്ങൾ പ്രചരിപ്പിക്കാൻ വേണ്ട കാമ്പയിൻ അംഗങ്ങൾക്കിടയിൽ നടത്താൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 3.30ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
26-06-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി